നമ്പർ.ഇ.എക്സ്/എ1/30000/2020/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാഭവൻ,
പൂജപ്പുര, തിരുവനന്തപുരം-12
തീയതി: 03/04/2021

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:- പൊ.വി.വ. - മാർച്ച് 2021 എസ്.എസ്.എൽ.സി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം - സംബന്ധിച്ച്.

സൂചന ഇ.എക്സ്/എ1/30000/2020/സി.ജി.ഇ നമ്പർ കത്ത് തീയതി 30.03.2021.

മാർച്ച് 2021 എസ്.എസ്.എൽ.സി പരീക്ഷ മൂല്യനിർണ്ണയം സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്കും ക്യാമ്പ് ഓഫീസർമാർക്കും നൽകേണ്ടതാണ്.

1. മാർച്ച് 2021-ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പുകൾ ഐ.ടി. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ശേഷം മെയ് രണ്ടാം വാരം ആരംഭിക്കുന്നതാണ്. മുൻ വർഷങ്ങളിലേതുപോലെ 14 ദിവസങ്ങൾകൊണ്ട് ക്യാമ്പുകൾ പൂർത്തീകരിക്കുന്നതാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഒരു ജില്ലയിൽ തന്നെ എല്ലാ വിഷയങ്ങളുടെയും ക്യാമ്പുകൾ ലഭ്യമാകുന്ന രീതിയിൽ ആണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. ക്യാമ്പുകളുടേയും ക്യാമ്പുകളിൽ മൂല്യനിർണ്ണയം നടത്തുന്ന വിഷയങ്ങളുടെയും വിശദവിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഒരു മൂല്യനിർണ്ണയ ക്യാമ്പിൽ ശരാശരി 10 റൂമുകൾ മൂല്യനിർണ്ണയത്തിനായി സജ്ജീകരിക്കേണ്ടതുണ്ട്. താങ്കളുടെ അധികാരപരിധിയിലെ ഓരോ ക്യാമ്പിലും ആവശ്യമായ ഭൗതികസാഹചര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. മൂല്യനിർണ്ണയത്തിനായി അസിസ്റ്റന്റ് എക്സാമിനർ, ചീഫ് എക്സാമിനർ എന്നിവരെ നിയമിക്കുന്നതിനുള്ള അപേക്ഷ ഏപ്രിൽ രണ്ടാംവാരം ക്ഷണിക്കുന്നതാണ്. അധ്യാപകർ ജോലിചെയ്യുന്ന ജില്ലകളിലെ മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്ക് മാത്രമേ അപേക്ഷ നൽകുവാൻ പാടുള്ളൂ.
3. മൂല്യനിർണ്ണയക്യാമ്പുകളായി തെരഞ്ഞെടുത്തിരിക്കുന്ന വിദ്യാലയങ്ങളിൽ ഏപ്രിൽ 8 മുതൽ പോലീസ് സുരക്ഷ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ക്യാമ്പ് ഓഫീസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഉത്തരക്കടലാസുകൾ സുരക്ഷിതമായി സൂക്ഷിക്കുവാനാവശ്യമായിട്ടുള്ള സ്ട്രോങ് റൂം നേരത്തേ സജ്ജീകരിക്കേണ്ടതും ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ ക്യാമ്പ് നേരിട്ട്

സന്ദർശിച്ച് സ്ട്രോങ്ങ് റൂമിന്റെ സുരക്ഷ ഉറപ്പാക്കേണ്ടതുമാണ്.

4. ഉത്തരക്കടലാസുകൾ അയയ്ക്കുമ്പോൾ എസ്.ജി.സി., എ.ആർ.സി., സി.സി.സി., ആർ.എ.സി., പി.സി.എൻ, സെന്റർ ചെയ്ഞ്ച് വിഭാഗം വിദ്യാർത്ഥികൾ ഉത്തരക്കടലാസുകൾ (മലയാളം, ഇംഗ്ലീഷ്) ഒരേ ക്യാമ്പിലേയ്ക്കും കന്നട, തമിഴ് മീഡിയം ഉത്തരക്കടലാസുകൾ പ്രത്യേകം പ്രത്യേകം ക്യാമ്പിലേയ്ക്കും ആണ് അയയ്ക്കേണ്ടത്. ഓൾഡ് സ്കീം ഉത്തരക്കടലാസുകൾ കരുനാഗപ്പള്ളി ഗേൾസ് എച്ച്.എസ്. -ലേയ്ക്ക് മാത്രമാണ് അയയ്ക്കേണ്ടത്. ഉത്തരക്കടലാസുകൾ അയയ്ക്കുമ്പോൾ iExaM-ൽ നിന്നും ലഭിക്കുന്ന ക്യാമ്പ് അഡ്രസ്സിലേയ്ക്ക് തന്നെയാണ് ഉത്തരക്കടലാസുകൾ അയയ്ക്കുന്നതെന്ന് ഉറപ്പുവരുത്തുക.

5. തെരഞ്ഞെടുക്കപ്പെട്ട ക്യാമ്പ് ഓഫീസർമാർക്കും ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർമാർക്കും ക്യാമ്പ് നടത്തിപ്പിനോടനുബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രത്യേകമായി നൽകുന്നതാണ്. ക്യാമ്പ് നടത്തിപ്പിനോടനുബന്ധിച്ചുള്ള പ്രാരംഭ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനായി പരീക്ഷാസെക്രട്ടറി 07.04.2021 -ന് ക്യാമ്പ് ഓഫീസർമാർക്കും ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർമാർക്കും ഗൂഗിൾ മീറ്റ് വഴി നിർദ്ദേശം നൽകുന്നതാണ്. സമയം പിന്നീട് അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി

പകർപ്പ് :

1. എല്ലാ ക്യാമ്പ് ഓഫീസർമാർക്കും (ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേന)
2. എല്ലാ ഡി.ഡി. മാർക്കും
3. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേന)